ടഗ്ഗ് പത്മശ്രീ

| | | |
|---|---|---|
| 1. | ശ്രീ. എൻ. കൃഷ്ണൻപോറ്റി, എഞ്ചിനീയർ ഇൻചാർജ്ജ് | 10–4–1986 |
| 2. | ശ്രീ. എ. സൈനുദ്ദീൻ കുഞ്ഞ് | ,, 10–6–1986 |
| 3. | ശ്രീ. കുര്യപ്പറന്റ ജോർജ്ജ് റാഫേൽ, ഓഫീസ് ഇൻചാർജ്ജ് | 10–6–1986 |
| 4. | ശ്രീ. സി. പി. സുഭാഷിതൻ | ,, 3–10–1986 |

ബി. എസ്. ഡി. മീന കേരള

| | |
|---|---|
| ജോസഫ് ജോർജ്ജ്, എഞ്ചിനീയർ | 4–2–1986 |

സി. എസ്. ഡി. നീണ്ടകര

| | |
|---|---|
| ശ്രീ. എം. രാധാകൃഷ്ണൻ, എഞ്ചിനീയർ കം ഡ്രഡ്ജർ മാസ്റ്റർ | 9–11–1981 |

(ഡി) സർവ്വശ്രീ സി. പി. സുഭാഷിതൻ, പത്മനാഭൻ തിരുവൻ എന്നിവർക്ക് നിശ്ചിത യോഗ്യതയില്ല. എന്നാൽ നിശ്ചിത യോഗ്യത യുള്ള ആളുകളുടെ അഭാവത്തിൽ മർക്കന്റയിന്റ മറൈൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ഡിസ്പൻസേഷനു വിധേയമായിട്ടാണ് അവരെ നിയമിച്ചത്. എഞ്ചിനീയർ കം-ഡ്രഡ്ജർ മാസ്റ്ററായ ശ്രീ. രാധാകൃഷ്ണനും നിശ്ചിതയോഗ്യതയില്ല. ഈ തസ്തികയിലേക്ക് സ്ഥിരമായ നിയമനം നടത്തുന്നതിനു വേണ്ടി പി. എസ്. സി.ക്ക് എഴുതിയിട്ടുണ്ട്. മറ്റുള്ള വർക്കെല്ലാം നിശ്ചിതയോഗ്യതയുണ്ട്.

## ആമ്പല്ലൂർ, പുതുക്കാട് ബസ് സ്റ്റേഷൻ

1664 [2492] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ കീഴിലുള്ള ആമ്പല്ലൂർ പുതുക്കാട് ബസ് സ്റ്റേഷൻ എന്നാണ് ആരംഭിച്ചത്;

(ബി) ഈ സ്റ്റേഷനുവേണ്ടി നാട്ടുകാരും പഞ്ചായത്തും എത്ര സ്ഥലം വീതം ഓരോസ്ഥലത്തും കോർപ്പറേഷനെ ഏൽപ്പിച്ചു;

(സി) ഈ സ്ഥലം കോർപ്പറേഷൻ എന്നാണ് ഏറ്റെടുത്തത്;

(ഡി) ഏറ്റെടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) കോർപ്പറേഷന്റെ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ എന്തെങ്കിലും നടപടികൾ എടുക്കും;

(എഫ്) ആമ്പല്ലൂർ സ്റ്റേഷനിൽ നിന്നും നാഷണൽ ഹൈവേയിലേക്കുള്ള പുതിയ റോഡിനു വേണ്ടി അക്വിസിഷൻ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) ആമ്പല്ലൂർ, പുതുക്കാട് ബസ് സ്റ്റേഷനുകൾ 1984 മാർച്ച് മാസം 14-ാം തീയതി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുക്കാട് ബസ് സ്റ്റേഷനുവേണ്ടി പുതുക്കാട് പഞ്ചായത്ത് 2.5 ഏക്കർ സ്ഥലവും ആമ്പല്ലൂർ ബസ് സ്റ്റേഷനുവേണ്ടി അളഗപ്പനഗർ പഞ്ചായത്ത് 1 ഏക്കർ സ്ഥലവും കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) പുതുക്കാട് 7-6-1983-നും ആമ്പല്ലൂർ 24-9-1982-നുമാണ് സ്ഥലം കോർപ്പറേഷനു കൈമാറുന്നതായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോർപ്പറേഷന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് മുൻഗണനാക്രമത്തിൽ പണി തുടങ്ങാനുള്ള നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

കാസർകോഡ് ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ് ചെയ്യുന്ന ഷെഡ്യൂളുകൾ

1665 [2493] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ബസ് സ്റ്റേഷനിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഇവയിൽ അന്തർ സംസ്ഥാന റൂട്ടുകൾ എത്ര;

(സി) അനുവാദം നൽകിയ റൂട്ടുകളിൽ ബസ്സ് ഓടാതെയുണ്ടോ? എങ്കിൽ എത്ര റൂട്ടുകളിൽ;

(ഡി) അനുവദിച്ച എല്ലാ റൂട്ടുകളിലും ബസ്സ് ഓടിക്കുന്നതിന് നടപടികളെടുക്കുമോ?

ഉത്തരം

(എ) 15 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ബി) ഏഴ്.

(സി) തലശ്ശേരി-മണിപ്പാൽ എന്നൊരു സർവ്വീസ് ഓടാതെയുണ്ട്.

(ഡി) വാഹനലഭ്യതയനുസരിച്ച് മറ്റു സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കിട്ടിയാൽ അനുവദിച്ച റൂട്ടുകളിൽ ബസ്സ് ഓടിക്കുവാൻ നടപടികൾ എടുക്കുന്നതാണ്.

താമരശ്ശേരി, കൽപ്പറ്റ, മാനന്തവാടി എന്നീ സബ് ഡിപ്പോകളുടെ നിർമ്മാണം

1666 [2495] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ താമരശ്ശേരി, കൽപ്പറ്റ, മാനന്തവാടി എന്നീ സബ് ഡിപ്പോകളുടെനിർമ്മാണം പൂർത്തിയായോ:

LIBRARY ARCHIVES Kerala Legislative Assembly